




## സൂര്യൻ

* ഭൂമിയുടെ ഏറ്റവും അടുത്തുള്ള നക്ഷത്രമാണ് സൂര്യൻ. സൗരയൂഥത്തിലെ ഏറ്റവും വലിയ അംഗമായ സൂര്യൻ സൗരയൂഥത്തിന്റെ കേന്ദ്രഭാഗത്ത് സ്ഥിതിചെയ്യുന്നു.
* സൗരയൂഥത്തിന്റെ ഊർജകേന്ദ്രമാണ് സൂര്യൻ.
* സൂര്യനെക്കുറിച്ചുള്ള പഠനമാണ് ഹീലിയോളജി. ഗ്രീക്കു പുരാണങ്ങളിൽ സൂര്യൻ ഹീലിയോസ് എന്നും റോമൻ പുരാണങ്ങളിൽ സോൾ എന്നും അറിയപ്പെടുന്നു.
* സൂര്യനിൽനിന്ന് പ്രകാശം ഭൂമിയിലെത്താൻ 500 സെക്കന്റ് വേണ്ടിവരുന്നു.
* പോളിഷ് ശാസ്ത്രജ്ഞനായ കോപ്പർനിക്കസ് സൗരയൂഥത്തിന്റെ കേന്ദ്രം സൂര്യനാണെന്ന സിദ്ധാന്തം ശാസ്ത്രീയമായി അവതരിപ്പിച്ചത്.
* സൂര്യനും എട്ടു ഗ്രഹങ്ങളും 165ലേറെ ഉപഗ്രഹങ്ങളും അഞ്ചു കുള്ളൻ ഗ്രഹങ്ങളും ചേർന്നതാണ് സൗരയൂഥം. സൗരയൂഥത്തിന്റെ ഏറ്റവും അടുത്തുള്ള നക്ഷത്രമായ പ്രോക്സിമ സെന്റോറിയിൽനിന്ന് പ്രകാശം ഭൂമിയിലെത്താൻ 4.2 പ്രകാശവർഷമെടുക്കും.
* സൂര്യൻ കഴിഞ്ഞാൽ ഭൂമിയിൽനിന്ന് കാണാൻ കഴിയുന്ന ഏറ്റവും തിളക്കമുള്ള നക്ഷത്രം സിറിയസാണ്. ഇത് 8.6 പ്രകാശവർഷം അകലെയാണ്. ഭൂമിയുടെ വടക്കുദിശയിൽ സ്ഥിതി ചെയ്യുന്ന നക്ഷത്രമാണ് ധ്രുവനക്ഷത്രം.
* ഭൂമിയുടെ വ്യാസത്തിന്റെ 109 മടങ്ങാണ് സൂര്യന്റെ വ്യാസം (1,392,000 കി.മീ.). വ്യാഴത്തിന്റെ വ്യാസത്തിന്റെ 9.7 മടങ്ങാണ് സൂര്യന്റെ വ്യാസം. ഭൂമിയെക്കാൾ 333000 മടങ്ങ് ഭാരം കൂടിയതാണ് സൂര്യൻ.
* സൗരയൂഥത്തിൽ ഏറ്റവും കൂടുതൽ ഗുരുത്വാകർഷണം അനുഭവപ്പെടുന്നത് സൂര്യനിലാണ്. ഭൂമിയുടേതിനെക്കാൾ 27.9 മടങ്ങാണ് സൂര്യനിലെ ഗുരുത്വാകർഷണം.
* സൂര്യനിൽ ഏറ്റവും കൂടുതലുള്ള മൂലകം ഹൈഡ്രജനാണ്. സൗരയൂഥത്തിന്റെ ആകെ പിണ്ഡത്തിന്റെ 99.86 ശതമാനവും സൂര്യനിലാണ്. അണുസംയോജനം വഴിയാണ് സൂര്യനിൽ ഊർജം ഉൽപാദിപ്പിക്കപ്പെടുന്നത്. വൻതോതിൽ ഹൈഡ്രജൻ ഹീലിയമായി മാറിക്കൊണ്ടിരിക്കുന്ന ഒരു വൻ ആണവ നിലയമാണ് സൂര്യൻ. സൂര്യനിൽ ഏറ്റവും കൂടുതലുള്ള രണ്ടാമത്തെ മൂലകം ഹീലിയമാണ്. സൂര്യനിൽ പ്ലാസ്മാവസ്ഥയിലാണ് ദ്രവ്യം സ്ഥിതി ചെയ്യുന്നത്.
* സൂര്യന്റെ ഉപരിതലത്തിലെ ശരാശരി താപനില 5505 ഡിഗ്രി സെൽഷ്യസാണ്.
* ഏതാണ്ട് 457 കോടി വർഷമാണ് സൂര്യന്റെ പ്രായം. സൂര്യന്റെ ദൃശ്യമായ പ്രതലമാണ് ഫോട്ടോസ്ഫിയർ. സൂര്യന്റെ അന്തരീക്ഷത്തിലെ ഏറ്റവും മുകളിലത്തെ ഭാഗമാണ് കൊറോണ. സൂര്യന്റെ അന്തരീക്ഷത്തിലെ മധ്യഭാഗമാണ് ക്രോമോസ്ഫിയർ.
* ഭൂമിയിലെ ഊർജത്തിന്റെ പ്രധാന ഉറവിടമാണ് സൂര്യൻ. സൂര്യതപത്തിനു കാരണമാവുന്ന, സൂര്യപ്രകാശത്തിൽ അടങ്ങിയിട്ടുള്ള കിരണങ്ങളാണ് അൾട്രാ വയലറ്റ് കിരണങ്ങൾ.
* ഭൂമി സൂര്യനോട് ഏറ്റവും അടുത്തുവരുന്ന ദിവസം ജനുവരി മൂന്നും ഏറ്റവും അകലെ വരുന്ന ദിവസം ജൂലൈ നാലുമാണ്.
* ഭൂമിയും സൂര്യനും തമ്മിലുള്ള ശരാശരി അകലം 15 കോടി കിലോമീറ്ററാണ്.
* സൂര്യനോട് ഏറ്റവും അടുത്തു സ്ഥിതി ചെയ്യുന്ന ഗ്രഹം ബുധനും ഏറ്റവും അകലെ സ്ഥിതി ചെയ്യുന്നത് നെപ്റ്റ്യൂണുമാണ്.
* സൂര്യൻ കഴിഞ്ഞാൽ ഭൂമിയോട് ഏറ്റവും അടുത്തുള്ള നക്ഷത്രം പ്രോക്സിമാ സെന്റോറിയാണ്. അതു കഴിഞ്ഞാൽ ആൽഫാ സെന്റോറി.
* ഭൂമിയിൽനിന്ന് നോക്കിയാൽ ഏറ്റവും വലുപ്പത്തിൽ കാണാൻ കഴിയുന്ന നക്ഷത്രം സൂര്യനാണ്. സൂര്യൻ കഴിഞ്ഞാൽ ഭൂമിയിൽനിന്ന് നോക്കിയാൽ ഏറ്റവും വലുപ്പത്തിൽ കാണാൻ കഴിയുന്ന നക്ഷത്രം സിറിയസാണ്. ഇത് ഡോഗ് സ്റ്റാർ എന്നും അറിയപ്പെടുന്നു.
* സൂര്യൻ കഴിഞ്ഞാൽ ആകാശത്ത് കാണുന്ന ഏറ്റവും തിളക്കമുള്ള നക്ഷത്രവും സിറിയസാണ്.
* അറിയപ്പെടുന്നവയിൽവച്ച് ഏറ്റവും വലിയ നക്ഷത്രമാണ് വി.വൈ. കാനിസ് മേജർ.
* സൗരക്കാറ്റുകൾ ഉണ്ടാകുന്നത് പതിനൊന്ന് വർഷത്തിലൊരിക്കലാണ്.
* സൂര്യന് ക്ഷീരപഥത്തിന്റെ കേന്ദ്രത്തെ ഒരു തവണ വലംവയ്ക്കാൻ ആവശ്യമായ സമയമാണ് കോസ്മിക് ഇയർ.
* സൂര്യനിൽനിന്നുള്ള അകലത്തിന്റെ അടിസ്ഥാനത്തിൽ ഗ്രഹങ്ങളുടെ ക്രമം ഇപ്രകാരമാണ്– ബുധൻ, ശുക്രൻ, ഭൂമി, ചൊവ്വ, വ്യാഴം, ശനി, യുറാനസ്, നെപ്റ്റ്യൂൺ.
* വലിപ്പത്തിന്റെ അടിസ്ഥാനത്തിൽ ഗ്രഹങ്ങളുടെ ക്രമം ഇപ്രകാരമാണ്– വ്യാഴം, ശനി, യുറാനസ്, നെപ്റ്റ്യൂൺ, ഭൂമി, ശുക്രൻ, ചൊവ്വ, ബുധൻ.
* സൂര്യനിൽനിന്നുള്ള അകലം അനുസരിച്ച് ആദ്യത്തെ നാലു ഗ്രഹങ്ങളെ ആന്തര ഗ്രഹങ്ങൾ എന്നും അകലെയായി സ്ഥിതി ചെയ്യുന്ന നാലെണ്ണത്തെ ബാഹ്യഗ്രഹങ്ങൾ എന്നും വിളിക്കുന്നു. ബാഹ്യഗ്രഹങ്ങൾ വാതക ഭീമൻമാർ എന്നും അറിയപ്പെടുന്നു.
* ഇൻഫീരിയർ ഗ്രഹങ്ങൾ എന്നറിയപ്പെടുന്നത് ബുധനും ശുക്രനുമാണ്. ചൊവ്വ മുതൽ നെപ്റ്റ്യൂൺ വരെയുള്ളവ സുപ്പീരിയർ ഗ്രഹങ്ങൾ എന്നറിയപ്പെടുന്നു. ഭൂമിയെ അടിസ്ഥാനമാക്കിയുള്ള സ്ഥാനമനുസരിച്ചാണ് ഈ തരംതിരിക്കൽ.
* യുറാനസും നെപ്റ്റ്യൂണും ആധുനിക ഗ്രഹങ്ങളെന്നും മറ്റു ഭൗമേതര ഗ്രഹങ്ങൾ (ബുധൻ, ശുക്രൻ, ചൊവ്വ, വ്യാഴം, ശനി) ക്ലാസിക്കൽ ഗ്രഹങ്ങൾ എന്നും അറിയപ്പെടുന്നു.
* പ്ലാനറ്റ് എന്ന വാക്കിനർഥം അലഞ്ഞുതിരിയുന്നവൻ എന്നാണ്.

## ബുധൻ (മെർക്കുറി)

* ഏറ്റവും ചെറിയ ഗ്രഹമാണ് ബുധൻ(വ്യാസം 4,800 കി.



മീ.). ഇത് ആകാശത്തിലെ മറുത എന്നറിയപ്പെടുന്നു.

* ഏറ്റവും കുറഞ്ഞ സമയംകൊണ്ട് സൂര്യനെ പ്രദക്ഷിണം ചെയ്യുന്ന ഗ്രഹമാണിത്. ഭൂമിയിലെ 88 ദിവസങ്ങൾകൊണ്ടാണ് ബുധൻ ഒരു പ്രാവശ്യം സൂര്യനെ ചുറ്റുന്നത്.
* ഏറ്റവും വേഗത്തിൽ പ്രദക്ഷിണം ചെയ്യുന്ന ഗ്രഹവും ബുധനാണ്.
* ബുധന് ഉപഗ്രഹമില്ല. ഇതേ പ്രത്യേകതയുള്ള മറ്റൊരു ഗ്രഹമാണ് ശുക്രൻ.
* പ്രദക്ഷിണപഥത്തിന് വൃത്താകൃതി ഏറ്റവും കുറഞ്ഞ ഉപഗ്രഹമാണ് ബുധൻ ( 0.21).
* ഏറ്റവും സാന്ദ്രത കൂടിയ രണ്ടാമത്തെ ഗ്രഹമാണ് മെർക്കുറി.
* സൂര്യനോട് ഏറ്റവും അടുത്തു സ്ഥിതി ചെയ്യുന്ന ഗ്രഹമാണ് ബുധൻ.
* ഏറ്റവും കൂടുതൽ താപവ്യതിയാനം അനുഭവപ്പെടുന്ന ഗ്രഹമാണ് ബുധൻ. പകൽ ബുധന്റെ താപനില 400 ഡിഗ്രി സെൽഷ്യസ് വരെ ഉയരുകയും രാത്രിയിൽ മൈനസ് 180 ഡിഗ്രി സെൽഷ്യസ് വരെ താഴുകയും ചെയ്യുന്നു.
* പലായന പ്രവേഗം ഏറ്റവും കുറഞ്ഞ ഗ്രഹമാണ് ബുധൻ.
* ബുധനെക്കുറിച്ച് പഠിക്കാൻ നാസ 2004- ആഗസ്തിൽ വിക്ഷേപിച്ച ദൗത്യമാണ് മെസഞ്ചർ (MErcury Surface SpaceENvironment GEochemistry and Ranging).
* റോമൻ മിതോളജിയിലെ സന്ദേശ വാഹക ദേവനാണ് മെർക്കുറി. ഇതിനു സമാനമായ ഗ്രീക്ക് ദേവനാണ് ഹെർമിസ്.
* 58.65 ദിവസംകൊണ്ട് സ്വയം ഭ്രമണവും 87.97 ദിവസം കൊണ്ട് പ്രദക്ഷിണവും പൂർത്തിയാക്കുന്ന ഗ്രഹമാണ് ബുധൻ

## ശുക്രൻ (വീനസ്)

* പ്രഭാത നക്ഷത്രം, പ്രദോഷ നക്ഷത്രം എന്നീ അപരനാമങ്ങളുള്ള ഗ്രഹമാണ് ശുക്രൻ.
* ഏറ്റവും ചൂടുകൂടിയ ഗ്രഹം ശുക്രനാണ്. ഇതിനുകാരണം കട്ടികൂടിയ അന്തരീക്ഷമുള്ളതിനാൽ അനുഭവപ്പെടുന്ന ഹരിത ഗൃഹ വാതക പ്രഭാവമാണ്.
* ഏറ്റവും വൃത്താകാരമായ പ്രദക്ഷിണപദമുള്ള ഗ്രഹമാണ് ശുക്രൻ. ലരരലിൃേശരശ്യേ യുടെ നിരക്ക് ഇപ്രകാരമാണ്-ബുധൻ: 0.21, ചൊവ്വ: 0.093,ശനി 0.056, വ്യാഴം 0.048,യുറാനസ് 0.047, ഭൂമി 0.017,നെപ്റ്റ്യൂൺ 0.0086, ശുക്രൻ 0.0068.
* സൂര്യപ്രകാശത്തെ ഏറ്റവും കൂടുതൽ പ്രതിഫലിപ്പിക്കുന്ന ഗ്രഹവും ശുക്രനാണ്.



* ഭൂമിയുടേതിനു സമാനമായ വലിപ്പമുള്ളതിനാൽ (വ്യാസം 12,107 കി.മീ.) ഭൂമിയുടെ ഇരട്ട, ഭൂമിയുടെ സഹോദര ഗ്രഹം എന്നീ അപരനാമങ്ങളിൽ അറിയപ്പെടുന്ന ഗ്രഹമാണ് ശുക്രൻ.
* ഭൂമിയിൽനിന്ന് നോക്കുമ്പോൾ ചന്ദ്രൻ കഴിഞ്ഞാൽ ഏറ്റവും തിളക്കമുള്ള ആകാശഗോളം ശുക്രനാണ്.
* ഭൂമിയുടെ ഏറ്റവും അടുത്തുള്ള ഗ്രഹമാണ് ശുക്രൻ.
* പ്രണയത്തിന്റെയും സൗന്ദര്യത്തിന്റെയും റോമൻ ദേവതയായ വീനസിന്റെ പേരിൽ അറിയപ്പെടുന്ന ഗ്രഹമാണിത്. ഇതിനു സമാനമായ ഗ്രീക്കു ദേവതയാണ് അഫ്രോഡൈറ്റ്.
* വനിതാ നാമമുള്ള ഏക ഗ്രഹമാണ് വീനസ്.
* സൂര്യൻ പടിഞ്ഞാറുദിച്ച് കിഴക്ക് അസ്തമിക്കുന്ന ഗ്രഹമാണ് ശുക്രൻ. മറ്റു ഗ്രഹങ്ങൾ പ്രദക്ഷിണം ചെയ്യുന്നതിന്റെ വിപരീത ദിശയിൽ സഞ്ചരിക്കുന്ന ഗ്രഹമാണ് ശുക്രൻ.
* ടെലസ്കോപ്പിൽ പൂർണപരാജയം എന്നു കരുതപ്പെടുന്ന ഗ്രഹമാണ് ശുക്രൻ.
* സൂര്യനെ പ്രദക്ഷിണം ചെയ്യുന്നതിനെക്കാൾ (224.7 ദിവസം)സമയം സ്വയം ഭ്രമണത്തിന് (243ദിവസം) ആവശ്യമായ ഗ്രഹമാണ് ശുക്രൻ. മറ്റൊരർത്ഥത്തിൽപറഞ്ഞാൽ വർഷത്തെക്കാൾ ദിവസത്തിന് ദൈർഘ്യമുള്ള ഗ്രഹമാണ് ശുക്രൻ. ഏറ്റവും ദൈർഘ്യം കൂടിയ ദിനരാത്രങ്ങളുള്ള ഗ്രഹമാണ് ശുക്രൻ.
* സോവിയറ്റ് യൂണിയൻ വിനേറ പേടകങ്ങൾ വിക്ഷേപിച്ചത് ശുക്രനെക്കുറിച്ച് പഠിക്കാനാണ്. വിനേറ-1 ആണ് ശുക്രന്റെ അരികിലൂടെ പറന്ന ആദ്യത്തെ മനുഷ്യനിർമിത പേടകം.
* മറ്റൊരു ഗ്രഹത്തിലിറങ്ങിയ ആദ്യത്തെ ബഹിരാകാശ പേടകമാണ് വിനേറ-7
* ലക്ഷ്മി പ്ലാനം എന്ന പീഠഭൂമി ശുക്രനിലാണ്.
* ശുക്രന്റെ അന്തരീക്ഷത്തിൽ ഏറ്റവും കൂടുതലുള്ള വാതകം കാർബൺ ഡയോക്സൈഡാണ്.
* ശുക്രനിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടിയാണ് മാക്സ്വെൽ മോണ്ടസ്. പ്രശസ്ത ഭൗതിക ശാസ്ത്രജ്ഞനായ ജെയിംസ് ക്ലർക് മാക്സ്വെല്ലിന്റെ സ്മരണാർഥമാണ് ഈ നാമകരണം.

## ഭൂമി (എർത്ത്)

* ഇംഗ്ലീഷ് പേരിന് റോമൻ, ഗ്രീക്കു പുരാണങ്ങളുമായി ബന്ധമില്ലാത്ത ഏക ഗ്രഹമാണ് ഭൂമി. ടെറാ എന്ന പേരിൽ അറിയപ്പെടുന്ന ഗ്രഹമാണിത്.



* ജീവന്റെ സാന്നിധ്യമുള്ള ഏക ഗ്രഹം ഭൂമിയാണ്.
* അന്തർഗ്രഹങ്ങളിൽ ഏറ്റവും വലുത് ഭൂമിയാണ്.
* ഒരു ഉപഗ്രഹം മാത്രമുള്ള ഏക ഗ്രഹമാണ് ഭൂമി. ഇത് നീലഗ്രഹം എന്നും അറിയപ്പെടുന്നു. ജലത്തിന്റെ സാന്നിധ്യമാണ് ഭൂമിയുടെ നീലനിറത്തിന് കാരണം.
* ഏറ്റവും സാന്ദ്രത കൂടിയ ഗ്രഹം ഭൂമിയാണ് (5.5).
* 454 കോടി വർഷങ്ങൾ പ്രായമുള്ള ഭൂമിയിലെ ശരാശരി താപനില 14 ഡിഗ്രി സെൽഷ്യസാണ്.

## ചൊവ്വ (മാഴ്സ്)

* റോമാക്കാരുടെ യുദ്ധദേവനായ മാഴ്സിന്റെ പേരിൽ അറിയപ്പെടുന്ന ഗ്രഹമാണിത്. മാഴ്സിനു സമാനമായ ഗ്രീക്കു ദേവനാണ് ഏരിസ്.
* 6794 കി.മീ. ആണ് വ്യാസം.
* ചുവന്ന ഗ്രഹം എന്നും ചൊവ്വ അറിയപ്പെടുന്നു.



ഇരുമ്പിന്റെ സാന്നിധ്യമാണ് ചൊവ്വയ്ക്ക് ചുവപ്പുനിറം നൽകുന്നത്.

* തുരുമ്പിച്ച ഗ്രഹം എന്നറിയപ്പെടുന്നത് ചൊവ്വയാണ്. ദെയ്മോസ് , ഫോബോസ് എന്നീ രണ്ട് ഉപഗ്രഹങ്ങളാണ് ചൊവ്വയ്ക്കുള്ളത്. കറുത്ത ചന്ദ്രൻ എന്നറിയപ്പെടുന്നത് ഫോബോസാണ്.
* ഭൂമിയുടേതുപോലെ ധ്രുവങ്ങളിൽ ഐസ് പാളികളുള്ള ഗ്രഹമാണ് ചൊവ്വ.
* സൗരയൂഥത്തിലെ ഏറ്റവും വലിയ മലയിടുക്കായ വാലിസ് മറൈനെറിസ്, സൗരയൂഥത്തിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടിയായ ഒളിമ്പസ് മോൺസ് എന്നിവ ചൊവ്വയിലാണ്.
* ചൊവ്വയ്ക്ക് സ്വയം ഭ്രമണത്തിനാവശ്യമായ സമയം ഭൂമിയുടേതിനു സമാനമാണ് (24 മണിക്കൂർ 37 മിനിട്ട്)
* അന്തർഗ്രഹങ്ങളിൽ സൂര്യനിൽനിന്ന് ഏറ്റവും അകയൊയി സ്ഥിതി ചെയ്യുന്നത് ചൊവ്വയാണ്.
* ബുധൻ കഴിഞ്ഞാൽ പ്രദക്ഷിണപഥത്തിന് ഏറ്റവും വൃത്താകൃതി കുറഞ്ഞ ഗ്രഹം ചൊവ്വയാണ് (0.093).
* അച്ചുതണ്ടിന്റെ ചരിവ് ഭൂമിയുടേതിനു സമാനമായതും ഭൂമിയിലേതുപോലെ ഋതുക്കൾ അനുഭവപ്പെടുന്നതുമായ ഗ്രഹമാണ് ചൊവ്വ.
* മറ്റൊരു ഗ്രഹത്തെ പ്രദക്ഷിണം ചെയ്ത ആദ്യത്തെ മനുഷ്യനിർമിത പേടകം അമേരിക്കയുടെ മറീനർ-9 ആണ്.
* ചൊവ്വാ ഗ്രഹത്തെ നിരീക്ഷിക്കാൻ 1975-ൽ അമേരിക്ക അയച്ച പര്യവേഷണ വാഹനമാണ് വൈക്കിംഗ്.
* ചൊവ്വയെക്കുറിച്ച് പഠിക്കാൻ നാസ വിക്ഷേപിച്ചത് പാത്ത് ഫൈൻഡർ.
* സ്വയം ഭ്രമണത്തിന് 24.62 മണിക്കൂർ ആവശ്യമായ ചൊവ്വയ്ക്ക് 686.93 ദിവസംകൊണ്ട് പ്രദക്ഷിണം പൂർത്തിയാക്കുന്നു.
* കാൾ സാഗൻ സ്പേസ് സ്റ്റേഷൻ ചൊവ്വയിലാണ്. കൊളംബിയ ദുരന്തത്തിൽ മരണമടഞ്ഞവരുടെ സ്മരണാർഥമുള്ള കൊളംബിയ മെമ്മോറിയൽ സ്റ്റേഷൻ ചൊവ്വയിലാണ്.

## വ്യാഴം (ജൂപ്പിറ്റർ)

* സൗരയൂഥത്തിലെ ഏറ്റവും വലുപ്പം കൂടിയ ഗ്രഹമാണ് വ്യാഴം. 142,983 കി.മീറ്ററാണ് വ്യാസം.
* ബാഹ്യഗ്രഹങ്ങളിൽ സൂര്യനോട് ഏറ്റവും അടുത്തു സ്ഥിതി ചെയ്യുന്നത് വ്യാഴമാണ്.
* ഏറ്റവും വേഗത്തിൽ ഭ്രമണം ചെയ്യുന്ന ഗ്രഹമായ വ്യാഴത്തിനാണ് ഏറ്റവും ദൈർഘ്യം കുറഞ്ഞ ദിനരാത്രങ്ങളുള്ളത്.



* ഗുരുത്വാകർഷണബലം ഏറ്റവും കൂടിയ ഗ്രഹമായ വ്യാഴത്തിലാണ് വസ്തുക്കൾക്ക് ഏറ്റവും കൂടുതൽ ഭാരവും ഏറ്റവും ഉയർന്ന പലായന പ്രവേഗനിരക്കും അനുഭവപ്പെടുന്നത്.
* വ്യാഴവും അതിന്റെ ഉപഗ്രഹങ്ങളും ചേർന്ന് ചെറു സൗരയൂഥം എന്നറിയപ്പെടുന്നു.
* വ്യാഴത്തിന്റെ ഉപഗ്രഹങ്ങളായ അയോ, യൂറോപ്പ, ഗാനിമീഡ്, കാലിസ്റ്റോ എന്നിവയാണ് ഗലീലിയൻ ഉപഗ്രഹങ്ങൾ എന്നറിയപ്പെടുന്നത്. 1610-ൽ ഗലീലിയോ ആണ് ഇവയെ കണ്ടെത്തിയത്.
* സൗരയൂഥത്തിലെ ഏറ്റവും വലിയ ഗ്രഹമാണ് ഗാനിമീഡ്. ഏറ്റവും സാന്ദ്രതകൂടിയ ഉപഗ്രഹമാണ് അയോ.
* സജീവ അഗ്നിപർവതങ്ങളുള്ള ഉപഗ്രഹമാണ് അയോ.
* ഏറ്റവും കൂടുതൽ ഉപഗ്രഹങ്ങളുള്ള ഗ്രഹമാണ് വ്യാഴം. ഇതുവരെ വ്യാഴത്തിന്റെ 65 ഉപഗ്രഹങ്ങളെ കണ്ടെത്തിയിട്ടുണ്ട്.
* ഗ്രേറ്റ് റെഡ് സ്പോട്ട്, ലിറ്റിൽ റെഡ് സ്പോട്ട് എന്നിവ വ്യാഴത്തിലാണ് കാണപ്പെടുന്നത്. സൗരയൂഥത്തിലെ അറിയപ്പെടുന്ന ഏറ്റവും വലിയ പ്രതിചക്രവാതമാണ് ഗ്രേറ്റ് റെഡ് സ്പോട്ട്.

* സൗരയൂഥത്തിലെ പ്രശസ്തമായ ഛിന്നഗ്രഹ ബെൽറ്റ് ചൊവ്വ, വ്യാഴം എന്നീ ഗ്രഹങ്ങൾക്കിടയിലാണ്. ഏറ്റവും വലിയ ഛിന്ന ഗ്രഹമാണ് സിറിസ്.
* വ്യാഴത്തെക്കുറിച്ച് പഠിക്കാൻ 1989–ൽ ഗലീലിയോ പേടകം വിക്ഷേപിച്ചത് അമേരിക്കയാണ്.
* റോമൻ മിതോളജിയിൽ സ്വർഗത്തിന്റെ അധിദേവനാണ് ജൂപ്പിറ്റർ. സമാനമായ ഗ്രീക്ക് ദേവൻ സീയൂസ്.
* ഭാരതീയ സങ്കൽപത്തിലെ ബൃഹസ്പതി വ്യാഴമാണ്.
* 9.8 മണിക്കൂർ കൊണ്ട് സ്വയംഭ്രമണം പൂർത്തിയാക്കുന്ന വ്യാഴത്തിന് ഒരു പ്രാവശ്യം സൂര്യനെ വലംവയ്ക്കാൻ 11.86 വർഷം വേണം. ഈ കാലയളവ് ഒരു വ്യാഴവട്ടം എന്നറിയപ്പെടുന്നു.
* 1994–ൽ വ്യാഴത്തിൽ പതിച്ച വാൽനക്ഷത്രമാണ് ഷുമാക്കർ ലെവി–9

## ശനി (സാറ്റേൺ)

* സൗരയൂഥത്തിലെ ഗ്രഹങ്ങളിൽ വലുപ്പത്തിൽ രണ്ടാം സ്ഥാനമാണ് ശനിക്ക്. ആകർഷകമായ വലയങ്ങളുള്ള ഗ്രഹമാണിത്. 120,536 കിലോമീറ്ററാണ് വ്യാസം.
* ഏറ്റവും സാന്ദ്രത കുറഞ്ഞ ഗ്രഹമാണ് ശനി. ജലത്തെക്കാൾ സാന്ദ്രത കുറവാണ് ശനിക്ക്.
* ഗുരുത്വാകർഷണനിരക്ക് ഭൂമിയുടേതുമായി ഏറ്റവും സമാനമായ ഗ്രഹമാണ് ശനി. ഭൂമിയിൽ 60 കിലോഗ്രാം ഭാരമുള്ള ഒരാളിന് ശനിയിൽ 63.8 കിലോഗ്രാമായിരിക്കും ഭാരം.
* ടെലിസ്കോപ്പിന്റെ സഹായമില്ലാതെ കണ്ടെത്തിയ ഏറ്റവും അകലെയുള്ള ഗ്രഹമാണ് ശനി.
* ഡ്രാഗൺ സ്റ്റോം, ഗ്രേറ്റ് വൈറ്റ് സ്പോട്ട് എന്നീ കൊടുങ്കാറ്റ് മേഖലകൾ ശനിയിലാണ്.
* ശനിയുടെ ദക്ഷിണാർധ ഗോളത്തിൽ വീശുന്ന കൊടുങ്കാറ്റ് ശൃംഖലയാണ് ഡ്രാഗൺ സ്റ്റോം. ശനിയുടെ ഉത്തരാർധ ഗോളത്തിൽ ഇടയ്ക്കിടെ പ്രത്യക്ഷപ്പെടുന്ന വൻ കൊടുങ്കാറ്റ് മേഖലയാണ് ഗ്രേറ്റ് വൈറ്റ് സ്പോട്ട്.
* ഗ്രീക്കുപുരാണങ്ങളിലെ കഥാപാത്രങ്ങളുടെ പേരാണ് ശനിയുടെ ഉപഗ്രഹങ്ങൾക്ക് നൽകിയിരിക്കുന്നത്.
* തേത്തിസ്, മിമാസ്, ടൈറ്റൻ, റിയ, ഡിയോണെ, ഫീബ്, ജാനസ്, പാൻഡോറ, ഹെലൻ, പ്രൊമിത്യൂസ്, അറ്റ്ലസ്, കാലിപ്സോ, പാൻ എന്നിവയാണ് ശനിയുടെ പ്രധാന ഉപഗ്രഹങ്ങൾ.
* സൗരയൂഥത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ ഉപഗ്രഹമാണ് ടൈറ്റൻ. വ്യക്തമായ അന്തരീക്ഷമുള്ള ഉപഗ്രഹമാണ് ടൈറ്റൻ. ഭൂമിയുടെ അപരൻ എന്നറിയപ്പെടുന്നത് ടൈറ്റനാണ്. ക്രിസ്ത്യൻ ഹൈജൻസാണ് ടൈറ്റനെ കണ്ടെത്തിയത്.
* ശനിയെയും ഉപഗ്രങ്ങളെയും കുറിച്ച് പഠിക്കാൻ വിക്ഷേപിച്ചതാണ് കാസിനി–ഹൈജൻസ് ദൗത്യം.
* ശനി ഗ്രഹത്തിന്റെ സമീപം ആദ്യമായെത്തിയ ബഹിരാകാശ വാഹനമാണ് അമേരിക്കയുടെ പയനിയർ–11.
* സാറ്റേണിനു സമാനമായ ഗ്രീക്കു ദേവനാണ് ക്രോണസ് (സമയത്തിന്റെ അധിദേവൻ). റോമൻപുരാണങ്ങളിൽ കൃഷിയുടെ അധിദേവനാണ് സാറ്റേൺ.
* 10.2 മണിക്കൂർകൊണ്ട് സ്വയംഭ്രമണം പൂർത്തിയാക്കുന്ന ശനിക്ക് സൂര്യനെ വലംവയ്ക്കാൻ 29.46 വർഷം വേണം.

## യുറാനസ്

* ടെലിസ്കോപ്പിന്റെ സഹായത്തോടെ കണ്ടെത്തിയ ആദ്യത്തെ ഗ്രഹമാണ് യുറാനസ്. സൗരയൂഥത്തിലെ ഗ്രഹങ്ങളിൽ വലുപ്പത്തിൽ മൂന്നാം സ്ഥാനത്താണ് ഈ ഗ്രഹം. 51,117 കിലോമീറ്ററാണ് വ്യാസം.
* 1781–ൽ വില്യം ഹെർഷലാണ് ഇത് കണ്ടെത്തിയത്. ടെലിസ്കോപ്പിന്റെ സഹായത്തോടെ കണ്ടെത്തിയ ആദ്യ ഗ്രഹമാണിത്.
* വില്യം ഷേക്സ്പിയർ, അലക്സാണ്ടർ പോപ്പ് എന്നിവരുടെ കൃതികളിലെ കഥാപാത്രങ്ങളുടെ പേരുകളാണ് യുറാനസിന്റെ ഉപഗ്രഹങ്ങൾക്ക് നൽകിയിരിക്കുന്നത്.
* ഏരിയൽ, അംബ്രിയേൽ, ടൈറ്റാനിയ, ഒബറോൺ, മിരാൻഡ, കാലിബാൻ, ജൂലിയറ്റ്, ഡെസ്ഡിമോണ, പ്രോസ്പെറോ, ബിയാൻഡ എന്നിവ യൂറാനസിന്റെ ഉപഗ്രഹങ്ങളാണ്.
* പച്ച ഗ്രഹം എന്നറിയപ്പെടുന്നത് യൂറാനസാണ്.
* ധ്രുവപ്രദേശം സൂര്യന് അഭിമുഖമായിട്ടാണ് യൂറാനസ് പ്രദക്ഷിണം ചെയ്യുന്നത്. അച്ചുതണ്ടിന് ഏറ്റവും കൂടുതൽ ചരിവുള്ള ഗ്രഹമാണിത് (97.77ഡിഗ്രി) . ഉരുളുന്ന ഗ്രഹം എന്നറിയപ്പെടുന്നു. കിടക്കുന്ന ഗ്രഹം എന്ന അപരനാമവും യുറാനസിനുണ്ട്.
* ഏറ്റവും കൂടുതൽ തണുപ്പനുഭവപ്പെടുന്നത് യൂറാനസിലാണ് (മൈനസ് 224).
* ഉപഗ്രഹങ്ങളുടെ എണ്ണത്തിൽ മൂന്നാം സ്ഥാനത്തുള്ള ഗ്രഹമാണ് യൂറാനസ്.
* യുറാനസിനെ അരുണൻ എന്നു വിളിക്കുന്നു. യുറാനസിന്റെ അന്തരീക്ഷത്തിൽ ഏറ്റവും കൂടുതലുള്ള ത് ഹൈഡ്രജനാണ്.
* ഏറ്റവും സാന്ദ്രത കുറഞ്ഞ രണ്ടാമത്തെ ഗ്രഹമാണ് യുറാനസ്.
* ഗ്രീക്കു പുരാണങ്ങളിലെ ആകാശദേവനാണ് യുറാനസ്. സമാനമായ റോമൻ ദേവൻ Caelus. ഗ്രീക്കു ദേവന്റെ പേരുള്ള ഏക ഗ്രഹമാണ് യുറാനസ്.
* യൂറാനസിന് സ്വയംഭ്രമണത്തിന് 17.9 മണിക്കൂറും പ്രദക്ഷിണത്തിന് 83.75 വർഷവും ആവശ്യമാണ്.

## നെപ്റ്റ്യൂൺ

* സൂര്യനിൽനിന്ന് ഏറ്റവും അകലെ സ്ഥിതി ചെയ്യുന്ന ഗ്രഹമാണ് നെപ്റ്റ്യൂൺ.
* ബാഹ്യഗ്രഹങ്ങളിൽ ഏറ്റവും ചെറുത് നെപ്റ്റ്യൂണാണ്. 49,527 കിലോമീറ്ററാണ് വ്യാസം.
* 1846 സെപ്തംബർ 23 ന് നെപ്റ്റ്യൂൺ ഗ്രഹത്തെ കണ്ടെത്തിയത് അർബെയ്ൻ വെരിയർ (Urbain Le Verrier) , ജോൺ കൗച്ച് ആദംസ് (John Couch Adams), ജൊഹാൻ ഗാലെ (Johann Galle) എന്നിവർ ചേർന്നാണ്.
* ഏറ്റവും വേഗത്തിൽ കാറ്റു വീശുന്ന ഗ്രഹമാണ് നെപ്റ്റ്യൂൺ. മീഥേനിന്റെ സാന്നിധ്യം കാരണം നെപ്റ്റ്യൂൺ നീലനിറത്തിൽ കാണപ്പെടുന്നു.
* സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ പേരുകളുള്ള വലയങ്ങളുള്ള ഗ്രഹമാണ് നെപ്റ്റ്യൂൺ.
* ഗ്രേറ്റ് ഡാർക് സ്പോട്ട്, മാന്ത്രികന്റെ കണ്ണ് എന്നീ കൊടുങ്കാറ്റ് മേഖലകൾ നെപ്റ്റ്യൂണിലാണ്.
* നെപ്റ്റ്യൂണിന്റെ ഏറ്റവും വലിയ ഉപഗ്രഹമാണ് ട്രിറ്റൺ. പ്രോട്ടിയസ്, നെരീഡ്, ലാറിസ, ഗലാറ്റിയ, തലാസ്സ എന്നിവയാണ് മറ്റ് ഉപഗ്രഹങ്ങൾ.
* നെപ്റ്റ്യൂണിനെ വരുണൻ എന്നു വിളിക്കുന്നു. നെപ്റ്റ്യൂണിനു സമാനമായ ഗ്രീക്കു ദേവനാണ് പോസിഡോൺ.
* റോമൻ പുരാണങ്ങളിലെ സമുദ്രദേവനാണ് നെപ്റ്റ്യൂൺ.
* ഏറ്റവും കൂടുതൽ തണുപ്പനുഭവപ്പെടുന്ന രണ്ടാമത്തെ ഗ്രഹമാണ് നെപ്റ്റ്യൂൺ (മൈനസ് 214).
* ശുക്രൻ കഴിഞ്ഞാൽ ഏറ്റവും വൃത്താകൃതിയുള്ള പ്രദക്ഷിണപഥമുള്ള ഗ്രഹം നെപ്റ്റ്യൂണാണ്. ഇതിന്റെ ലരലിയ്യേശരശ്യേ 0.0086 മാത്രമാണ്.
* ഏറ്റവും കുറഞ്ഞ വേഗത്തിൽ പ്രദക്ഷിണം ചെയ്യുന്ന ഗ്രഹമാണ് നെപ്റ്റ്യൂൺ.
* നെപ്റ്റ്യൂണിന് സ്വയംഭ്രമണത്തിന് 19.1 മണിക്കൂറും പ്രദക്ഷിണത്തിന് 163.72 വർഷവും ആവശ്യമാണ്.
* ഒൻപതാമത്തെ ഗ്രഹമായിരുന്നു പ്ലൂട്ടോ. 2006 ഓഗസ്ത് 24ന് ചെക്ക് റിപ്പബ്ലിക്കിന്റെ തലസ്ഥാനമായിരുന്ന പ്രാഗിൽ ചേർന്ന രാജ്യാന്തര ആസ്ട്രണോമിക്കൽ യൂണിയന്റെ സമ്മേളനം പ്ലൂട്ടോയുടെ ഗ്രഹപദവി റദ്ദാക്കി.
* പാതാള ദേവന്റെ പേരിൽ അറിയപ്പെട്ടിരുന്ന ഗ്രഹമാണ് പ്ലൂട്ടോ. അമേരിക്കൻ വാന നിരീക്ഷകനായിരുന്ന ക്ലൈഡ് ടോംബോയാണ് 1930–ൽ പ്ളൂട്ടോ കണ്ടുപിടിച്ചത്. ഇപ്പോൾ പ്ലൂട്ടോ കുള്ളൻ ഗ്രഹങ്ങളുടെ പട്ടികയിലാണ്.
* പ്ലൂട്ടോയെയും ഉപഗ്രഹങ്ങളെയും കുറിച്ച് പഠിക്കാൻ 2006 ജനുവരി 9ന് വിക്ഷേപിച്ചതാണ് ന്യൂ ഹൊറൈസൈൺസ്.

## ചന്ദ്രൻ

* ഭൂമിയുടെ ഏക ഉപഗ്രഹമായ ചന്ദ്രന് നിരവധി സവിശേഷതകളുണ്ട്.
* ലാറ്റിൻ ഭാഷയിൽ ചന്ദ്രന്റെ പേര് ലൂണ എന്നാണ്. ഇംഗ്ളീഷിൽ ചന്ദ്രനുമായി ബന്ധപ്പെട്ട നാമവിശേഷണം lunar ആണ്. ലാറ്റിൻ ഭാഷയിൽനിന്നാണ് ഇതിന്റെ ഉദ്ഭവം. പ്രചാരം കുറഞ്ഞ മറ്റൊരു നാമവിശേഷണമായ ലെഹലിശര ന്റെ ഉദ്ഭവം ഗ്രീക്കിൽനിന്നാണ്.
* ചന്ദ്രനെക്കുറിച്ചുള്ള പഠനം ടലഹലിീഹീഴ്യ.
* സൗരയൂഥത്തിലെ ഉപഗ്രഹങ്ങളിൽ വലുപ്പത്തിൽ അഞ്ചാം സ്ഥാനം. എന്നാൽ, മാതൃഗ്രഹവുമായി താരതമ്യം ചെയ്യുമ്പോൾ ഏറ്റവും വലിയ ഉപഗ്രഹം. ഭൂമിയുടെ നാലിലൊന്നു വ്യാസമുണ്ടെങ്കിലും പിണ്ഡത്തിന്റെ കാര്യത്തിൽ എൺപത്തിയൊന്നിൽ ഒരു ഭാഗമാണുള്ളത്.
* ഭൂമിയുടെ ഗുരുത്വാകർഷണത്തിന്റെ ആറിലൊന്നാണ് ചന്ദ്രനുള്ളത്. ഭൂമിയിൽ 60 കിലോ ഭാരമുള്ള ഒരു വസ്തുവിന്റെ ചന്ദ്രനിലെ ഭാരം 10 കിലോഗ്രാം ആയിരിക്കും.
* ഉപഗ്രഹങ്ങൾക്കിടയിൽ ചന്ദ്രന് വലുപ്പത്തിൽ അഞ്ചാം സ്ഥാനമാണ്. ഗാനിമീഡ്, ടൈറ്റൻ, കാലിസ്റ്റോ, ഇയോ എന്നിവയാണ് ചന്ദ്രനെക്കാൾ വലുപ്പമുള്ള ഉപഗ്രഹങ്ങൾ.
* വ്യാഴത്തിന്റെ ഉപഗ്രഹമായ അയോ (3.5275 ) കഴിഞ്ഞാൽ ഏറ്റവും സാന്ദ്രത കൂടിയ ഉപഗ്രഹമാണ് ചന്ദ്രൻ (3.346 ).
* 27.3 ദിവസംകൊണ്ട് ചന്ദ്രൻ ഭൂമിയ്ക്കുചുറ്റും ഒരു പ്രദക്ഷിണം പൂർത്തിയാക്കുമെങ്കിലും ഭൂമിയും സ്വന്തം പ്രദക്ഷിണപദത്തിൽ സൂര്യനുചുറ്റും നീങ്ങുന്നതിനാൽ ചന്ദ്രന്റെ പൂർവനില ആവർത്തിക്കുന്നതിന് 29.5 ദിവസം വേണം.
* മനുഷ്യൻ സന്ദർശിച്ചിട്ടുള്ള ഏക അന്യഗോളമാണ് ചന്ദ്രൻ. 1969 ജൂലായ് 21നാണ് മനുഷ്യൻ ആദ്യമായി ചന്ദ്രനിൽ കാലുകുത്തിയത്. അപ്പോളോ 11 എന്ന പേടകമാണ് അതിന് ഉപയോഗിച്ചത്. സാറ്റേൺ ഫൈവ് എന്ന റോക്കറ്റ് ഉപയോഗിച്ചാണ് അപ്പോളോ 11 –നെ വിക്ഷേപിച്ചത്.
* ചന്ദ്രനിൽ ലാൻഡ് ചെയ്ത ആദ്യ മനുഷ്യനിർമിത വസ്തു ലൂണ–2 ആണ്.
* ചന്ദ്രനെ മനുഷ്യൻ പ്രദക്ഷിണം ചെയ്ത ആദ്യത്തെ ദൗത്യപേടകമാണ് അപ്പോളോ 8 (1968).
* 1972നു ശേഷം ആളില്ലാ ദൗത്യപേടകങ്ങൾമാത്രമേ ചന്ദ്രനിൽ ലാൻഡ് ചെയ്തിട്ടുള്ളൂ.
* ചന്ദ്രനിൽ ലാൻഡുചെയ്ത ആളില്ലാത്ത ആദ്യത്തെ ബഹിരാകാശപേടകം സോവിയറ്റ് യൂണിയന്റെ ലൂണയാണ്.
* ചന്ദ്രനിലെത്തിയ ആദ്യ വ്യക്തി അമേരിക്കക്കാരനായ നീൽ ആംസ്ട്രോങ്ങാണ്. എഡ്വിൻ ആൽഡ്രിനാണ് അദ്ദേഹത്തിന്റെ ഒപ്പമിറങ്ങിയത്. അവരുടെ സഹയാത്രികനായ മൈക്കൽ കോളിൻസ് അതേ സമയത്ത് ബഹിരാകാശ വാഹനത്തിൽ ചന്ദ്രനെ പ്രദക്ഷിണം ചെയ്തു.
* സൂര്യൻ കഴിഞ്ഞാൽ ആകാശത്ത് കാണുന്ന ഏറ്റവും തിളക്കമുള്ള വസ്തു ചന്ദ്രനാണ്. ചന്ദ്രന്റെ പ്രതലം ഇരുണ്ടതാണെങ്കിലും സൂര്യപ്രകാശം പ്രതിഫലനമാണ് അതിനെ തിളക്കമുള്ളതാക്കുന്നത്.
* കല, സാഹിത്യം, ഭാഷ, പഞ്ചാംഗം എന്നിവയിലെല്ലാം ചന്ദ്രന്റെ സ്വാധീനം കാണാം.
* ചന്ദ്രനിൽനിന്ന് നോക്കുന്നയാൾക്ക് ആകാശം കറുപ്പായി തോന്നും.
* മൗണ്ട് ഹാഡ്‌ലി, മൗണ്ട് ബ്രാഡ്‌ലി,മൗണ്ട് ഹൈജൻസ്, മൗണ്ട് ആഗ്നസ് എന്നിവ ചന്ദ്രനിൽ സ്ഥിതിചെയ്യുന്ന പർവതങ്ങളാണ്.

## പ്രത്യേകതകൾ

* ചന്ദ്രന്റെ പ്രായം 4.5 ബില്യൺ വർഷമാണ്.
* ഭൂമിയോട് ഏറ്റവും അടുത്തുവരുമ്പോൾ ചന്ദ്രനും ഭൂമിയുമായുള്ള അകലം 363,104 കിലോമീറ്ററും ഏറ്റവും അകലെയായിരിക്കുമ്പോൾ 405,696 കിലോമീറ്ററുമാണ്.
* ഭൂമിയും ചന്ദ്രനുമായുള്ള ശരാശരി അകലം 3.84 ലക്ഷം കിലോമീറ്ററാണ്. ഇത്രയും ദൂരം സഞ്ചരിക്കാൻ പ്രകാശത്തിന് 1.3 സെക്കന്റ് വേണം.
* പ്രദക്ഷിണത്തിനാവശ്യമായ സമയം 27 ദിവസം 7 മണിക്കൂർ 44 മിനിട്ട് 2.9 സെക്കന്റ്.
* പ്രദക്ഷിണപഥത്തിലെ ശരാശരി വേഗം 1.022 കിലോമീറ്ററാണ്. മണിക്കൂറിൽ 3,683 കി.മീ വേഗത്തിലാണ് ചന്ദ്രന്റെ പ്രയാണം.
* ശരാശരി ആരം 1,737.10 കിലോമീറ്റർ. മധ്യരേഖയിലൂടെയുള്ള ആരം 1,738.14 കിലോമീറ്റർ. ധ്രുവപ്രദേശങ്ങളിലൂടെയുള്ള ആരം 1,735.97 കിലോമീറ്റർ.
* മധ്യരേഖാ പ്രദേശത്തുകൂടിയുള്ള ചുറ്റളവ് 10,921 കിലോമീറ്റർ.
* പലായന പ്രവേഗം അഥവാ എസ്കേപ്പ് വെലോസിറ്റി 2. 38 കിലോമീറ്റർ പ്രതി സെക്കന്റ്.
* ചന്ദ്രന്റെ അച്ചുതണ്ടിന്റെ ചരിവ് വെറും 1.54 ഡിഗ്രിമാത്രമാണ് (ഭൂമിയുടേത് 23.44 ഡിഗ്രി).

## ചന്ദ്രഗ്രഹണവും സൂര്യഗ്രഹണവും

* ചന്ദ്രഗ്രഹണസമയത്ത് ഭൂമി സൂര്യനും ചന്ദ്രനുമിടയ്ക്ക് വരും. സൂര്യഗ്രഹണസമയത്ത് ഭൂമിക്കും സൂര്യനുമിടയ്ക്ക് ചന്ദ്രൻ വരും.

## സൗരയൂഥത്തിലെ മറ്റംഗങ്ങൾ

* സൗരയൂഥത്തിലെ കുള്ളൻ ഗ്രഹങ്ങളാണ് സിറിസ് , പ്ലൂട്ടോ, ഹൗമിയ, മേക്ക്മേക്ക്, ഈറിസ് എന്നിവ.
* ഏറ്റവും വലിയ കുള്ളൻ ഗ്രഹമാണ് ഇറിസ്. സൂര്യനെ നേരിട്ട് പ്രദക്ഷിണംചെയ്യുന്ന ഗോളങ്ങളിൽ പിണ്ഡത്തിൽ ഒൻപതാം സ്ഥാനമുണ്ട്. ഡിഡ്നോമിയയാണ് ഈറിസിന്റെ ഉപഗ്രഹം.
* സൗരയൂഥത്തിൽ അറിയപ്പെടുന്ന ഏറ്റവും അകലയുള്ള വസ്തുക്കളാണ് ഈറിസും ഡിസ്നോമിയയും.
* 2003 യു ബി 313 എന്നായിരുന്നു ഈറിസിന്റെ ആദ്യ നാമം.
* മൈക്ക് ബ്രൗണും കൂട്ടരും 2005ലാണ് ഈറിസിനെ ആദ്യമായി കണ്ടെത്തിയത്.
* കുള്ളൻ ഗ്രഹമായ പ്ലൂട്ടോയുടെ ഉപഗ്രഹങ്ങളാണ് കെയ്റോൺ, ഹൈഡ്രേ, നിക്സ് എന്നിവ. ●